(ബി) ഏതെല്ലാം ജില്ലകളിലാണ് അവ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മൊബൈൽ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കോർപ്പറേഷന് ലാഭകരമാണോ ;

(ഡി) കടലോര പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകും വിധം മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 21 എണ്ണം

(ബി) തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, മലപ്പുറം, കണ്ണൂർ, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലാണ് ഇപ്പോൾ മൊബൈൽ മാവേലിസ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നത്.

(സി) അല്ല. ലാഭം ഉദ്ദേശിച്ചുകൊണ്ട് നടത്തപ്പെടുന്ന സ്ഥാപനമല്ല മാവേലിസ്റ്റോറുകൾ.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ തന്നെ തിരുവനന്തപുരം, മുതൽ കണ്ണൂർ വരെയുള്ള തീര പ്രദേശങ്ങളിൽ കൂടി - അഞ്ചുതെങ്ങ്, കഠിനംകുളം, പുതുക്കുറിച്ചി, ചേർത്തല താലൂക്കിലെ തീരപ്രദേശങ്ങൾ, വൈപ്പിൻ, മുനമ്പം തീരങ്ങൾ, കണ്ണൂർ, കോഴിക്കോട്, കൊയിലാണ്ടി എന്നീ പ്രദേശങ്ങളിൽ മൊബൈൽ മാവേലി സർവ്വീസ് നടത്തുന്നുണ്ട്.

സിവിൽ സപ്ലൈസ് ഗോഡൗൺ മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം

44 (4083) ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി പഞ്ചായത്ത് മാർക്കറ്റിന്റെ നവീകരണത്തിനായി കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച സാഹചര്യത്തിൽ അവിടെ പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് ഗോഡൗൺ മാറ്റി സ്ഥാപിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കരുനാഗപ്പള്ളിയിൽ തന്നെ പ്രവർത്തിക്കുന്ന വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിലേയ്ക്ക് ഈ സാധനങ്ങൾ മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) സമയബന്ധിതമായി പൂർത്തിയാക്കേണ്ട മാർക്കറ്റ് നവീകരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഗോഡൗൺ മാറ്റി സ്ഥാപിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസ് ഗോഡൗൺ ഒഴിഞ്ഞു കൊടുക്കണമെന്ന് കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗോഡൗണുകൾ എടുക്കുന്നതിന് ചില നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളുണ്ട്. അപ്രകാരം ഗോഡൗണുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാറ്റി സ്ഥാപിക്കാനാണ് ഉദ്ദേശം.

ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ

45 (4084) ശ്രീമതി രാധാരാഘവൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഓരോ ഫോറത്തിലും എത്ര അംഗങ്ങൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലെ അംഗങ്ങളെ നിയമിക്കുന്നതെപ്രകാരമാണ് ; അംഗങ്ങളായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതയെന്താണ് ;

(ഡി) ഇപ്പോൾ ഏതെങ്കിലും ജില്ലാ ഫോറത്തിൽ ഒഴിവുണ്ടോ ;

(ഇ) എങ്കിൽ ഏതെല്ലാം ജില്ലാ ഫോറങ്ങളിൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ ഫോറത്തിലും പ്രസിഡന്റിനുപുറമേ രണ്ട് അംഗങ്ങൾ വീതമുണ്ട്.

(സി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ചെയർമാനും സംസ്ഥാന നിയമ വകുപ്പ്, ഉപഭോക്തൃ കാര്യവകുപ്പ് എന്നിവയുടെ സെക്രട്ടറിമാർ അംഗങ്ങളുമായുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം സംസ്ഥാന സർക്കാരാണ് ജില്ലാ ഫോറങ്ങളിൽ അംഗങ്ങളെ നിയമിക്കുന്നത്. ജില്ലാ ഫോറങ്ങളിൽ അംഗമായി നിയമിക്കപ്പെടുന്നതിന് താഴെപ്പറയുന്ന യോഗ്യത ഉണ്ടായിരിക്കേണ്ടതാണ് ;

LIBRARY ARCHIVES Kerala Legislative Assembly